കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മീനച്ചിൽ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെഎസ്എകെടിഎംപി7/156/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 13/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മീനച്ചിൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎംപി7/156/2023 തീയ്യതി: 13/03/2023

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-02-2022 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 24-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി.ആർ.	ഡെപ്യൂട്ടി ഡയറക്ടർ	16-01-2023	24-01-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
16-01-2023	24-01-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

രതീഷ് സി. ആർ., ഓഡിറ്റ് ഓഫീസർ
യോഗേഷ് ആർ. സീനിയർ ഗ്രേഡ് ഓഡിറ്റർ,
ജോഷി തോമസ്, ഓഡിറ്റർ,
ബീനാകുമാരി റ്റി. വി., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജോയി സെബാസ്റ്റ്യൻ	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ.സുശീൽ എം.	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജയകൃഷ്ണ ജെ	കൃഷി ഓഫീസർ	01-04-2021	31-03-2022
ശ്രീമതി രാജിമോൾ കെ.ആർ	വി.ഇ.ഒ.	01-04-2021	31-03-2022
ശ്രീമതി മിനിജ പി.തോമസ്	അസി.സെക്രട്ടറി	01-04-2021	31-03-2022
ശ്രീ.അനീഷ് ലത്തീഫ് വി.എ.	വി.ഇ.ഒ.	02-08-2021	31-03-2022
ശ്രീമതി അഞ്ജു ട്രീസ ജോയ്	ഐ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീ.സുധീർ പി.എസ്.	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ഡോ.നിർമ്മൽ മാത്യു ജോസ്	മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.	01-04-2021	31-03-2022
ഡോ.ചാണ്ടി ജെ.ഡാനിയേൽ	മെഡിക്കൽ ഓഫീസർ, ഹോമിയോ	01-04-2021	07-06-2021
ഡോ.ബിന്ദു തേരസ് പി.ജെ.	മെഡിക്കൽ ഓഫീസർ, ഹോമിയോ	08-06-2021	31-03-2022
ശ്രീമതി രവീണ രവി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ഡോ.ആന്റണി ജോസ്	മെഡിക്കൽ ഓഫീസർ, ആയുർവേദ	01-04-2021	31-03-2022
ശ്രീമതി ഹരിലക്ഷ്മി എസ്	അസി.എഞ്ചിനീയർ	01-04-2021	31-03-2022
ശ്രീ.സിയാദ് വി.എ.	വി.ഇ.ഒ.	01-04-2021	01-08-2021
ശ്രീമതി അനുപമ ബി.നായർ	ഹെഡ്മിസ്ട്രസ്, പൂവരണി	01-04-2021	31-03-2022

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷികകണക്കുകളുടെ അവലോകനം	1-2
3	സാമ്പത്തികനില	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	പദ്ധതി അവലോകനം	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6
7	ക്ഷേമ പദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തരനിയന്ത്രണം.	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.	1-10
11	വാടക-വാർഷിക വർദ്ധനവ് വരുത്തിയില്ല , എഗ്രിമെന്റ് വെച്ചില്ല	1-11
12	ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല.	1-12
13	ഇ ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല	1-13
14	ബഡ്സ് സ്ക്കൂൾ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ- സ്ക്കൂൾ ആരംഭിച്ചിട്ടില്ല- മറ്റ് അപാകതകൾ	1-14
15	എസ്.എസ്.എ.വിഹിതം--വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല	1-15
16	ഡിപിസി സെക്രട്ടറിയേറ്റ് നിർമ്മാണത്തിന് തുക വകയിരുത്തൽ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-16
17	നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല	1-17
18	കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല	1-18
19	മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല	1-19
20	കൃഷി ഭവൻ - ആയുർവേദ ഡിസ്പെൻസറി കെട്ടിടം വൈദ്യുതീകരണം -കരാറുകാരന് അധിക തുക നൽകി	1-20
21	പാറപ്പള്ളി കുടിവെള്ള പദ്ധതി -പൂർത്തിയാക്കിയില്ല	1-21
22	പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത പ്രവൃത്തി - തരം തിരിച്ച പ്ലാസ്റ്റിക്കിന്റെ വില ലഭ്യമാകുന്നില്ല.	1-22
23	ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടാത്ത സ്ഥാപനത്തിൽ നിർമ്മാണ പ്രവൃത്തി നടത്തിയത് സംബന്ധിച്ച്	1-23
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	കൃഷി ഭവൻ - ആയുർവേദ ഡിസ്പെൻസറി കെട്ടിടം വൈദ്യുതീകരണം -കരാറുകാരന് അധിക തുക നൽകി	3-1
	ഭാഗം 4	
1	വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിവരം	4-2
3	ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപങ്ങൾ	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം	4-8
9	ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ബജറ്റ്

2021-22 വർഷത്തെ പുതുക്കിയ ബജറ്റ് 09.03.2022 തീയതിയിലെ 1(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	2425465	10203434.53
വരവ്	159640447	72091861
ആകെ	162065912	82295295.53
ചെലവ്	158612831	69760891
നീക്കിയിരിപ്പ്	3453081	12534404.53

ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

1-2 വാർഷികകണക്കുകളുടെ അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 11,28,94,882/- രൂപയും ചെലവ് 11,37,81,174/- രൂപയും വരവിൽ കവിഞ്ഞ ചെലവ് 8,86,292/- രൂപയുമാണ്. 31/03/2021-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 6,88,55,881.53 രൂപയും ബാധ്യതകളുടെ മൂല്യം 5,77,31,397.26/- രൂപയും ജനറൽ ഫണ്ട് 1,11,24,484.27/- രൂപയുമാണ്. 2021-22 ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2021 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ റിസേർവ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. 26/07/2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
3. .412010101-Capital Work In Progress ശീർഷകത്തിലെ ഇടപാടുകളുടെയും നീക്കിയിരിപ്പിന്റെയും കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.
4. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
5. കിഴപറയാൻ പി.എച്ച്.സി.നവീകരണം (പ്രോ.ന.149/22) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച 325124/- രൂപ മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതമായാണ് സുലേഖയിൽ ചേർത്തിരിയ്ക്കുന്നത്. ആയതിനാൽ ജില്ലാ പഞ്ചായത്ത് പ്രോജക്ട് ചെലവ് വാർഷിക ധനകാര്യപത്രികയും ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.
6. ബാലൻസ് ഷീറ്റ് ബി.5 ഷെഡ്യൂൾ പ്രകാരം ലൈഫ് ലോൺ തിരിച്ചടവ് തുക അവശേഷിയ്ക്കുന്നത് 4174998/- രൂപയാണ്. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസിൽ കുറച്ച തുക 7,88,400/- രൂപ കൂടി ലോണ് തിരിച്ചടവ് ഇനത്തിൽ ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ 31.03.2022 ൽ തിരിച്ചടയ്ക്കാൻ അവശേഷിയ്ക്കുന്ന ലോൺ തുക 4963398/- രൂപയാണ്. വാർഷിക ധനകാര്യപത്രിക, ലോൺ രജിസ്റ്റർ എന്നിവയിൽ തുക കൃത്യമാക്കേണ്ടതാണ്.
7. വികസനഫണ്ട് പൊതുവിഭാഗം ചെലവ് തുക വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രിക എന്നിവയിലെ ചെലവ് തുക എ.സി.ആറിലെ ചെലവ് തുകയുമായി 5,000/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.

1-3 സാമ്പത്തികനില

മുന്നിരിപ്പ്	10203434.53
ഓഡിറ്റ് വർഷത്തെ വരവ്	72091861
ആകെ	82295295.53
ഓഡിറ്റ് വർഷത്തെ ചെലവ്	69760891
നീക്കിയിരിപ്പ്	12534404.53
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	20986
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7017908

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ്/ വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്- ജനറൽ	0	10233354	10233354	10223000	10354
വികസന ഫണ്ട്- SCP	0	1978419	1978419	1808000	170419
വികസന ഫണ്ട്- TSP	0	103600	103600	90000	13600
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Untied	0	2977524	2977524	2790445	187079
ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied	0	5492520	5492520	3647327	1845193
മെയിന്റനൻസ് ഗ്രാന്റ്- Road	0	12724053	12724053	12277711	446342
മെയിന്റനൻസ് ഗ്രാന്റ്- Non Road	0	4870979	4870979	3912102	958877
ഐ.സി.ഡി.എസ്	143881	445239	589120	572904	16216

1. ജി ഒ പ്രോജക്റ്റായി സ്രോതസ്സിൽ കുറവ് ചെയ്ത തുകകൾ വാർഷികകണക്കിൽ (RP 7) ഉൾപ്പെടുത്താത്തതിനാൽ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി,ടി.എസ്.പി. ഫണ്ട് ചെലവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ, എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. വികസനഫണ്ട് വരവ് സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെയാണ് മുകളിൽ ചേർത്തിട്ടുള്ളത്.
2. വികസന ഫണ്ട് ജനറൽ അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ്, അങ്കണവാടി ഹോണറേറിയം ഇനങ്ങളിൽ 212, 213, 227, 231, 232, 228 എന്നീ പ്രോജക്ടുകൾക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 18,91,908/- രൂപയാണ്.
3. വികസന ഫണ്ട്-എസ്.സി.പി. അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ് ആയി 222, 223 എന്നീ പ്രോജക്ടുകൾക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 72537/- രൂപയാണ്.
4. വികസന ഫണ്ട്-ടി.എസ്.പി. അലോട്ട്മെന്റ് പ്രകാരമുള്ള യഥാർത്ഥ ഗ്രാന്റും ACR/ഗ്രാന്റ് പത്രിക പ്രകാരമുള്ള അലോട്ട്മെന്റും തമ്മിലുള്ള വ്യത്യാസം KURDFC വായ്പ തിരിച്ചടവ് ആയി 224, 225 എന്നീ പ്രോജക്ടുകൾക്ക് സ്രോതസ്സിൽ കുറവ് ചെയ്ത 26623/- രൂപയാണ്. എസി ആറിലും ഗ്രാന്റ് സ്റ്റേറ്റ് മെന്റിലും പ്രസ്തുത തുകകൾ ഉൾപ്പെട്ടിട്ടില്ല.
5. വികസനഫണ്ട് ജനറൽ -പൊതുവിഭാഗം ചെലവ് തുക വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, സുലേഖ പത്രിക എന്നിവയിലെ ചെലവ് തുക എ.സി.ആറിലെ ചെലവ് തുകയുമായി 5,000/- രൂപയുടെ വ്യത്യാസം വിശദീകരിക്കപ്പെട്ടില്ല.
6. സംയുക്ത പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയുടെ ചെലവ് വാർഷിക ധനകാര്യപത്രികയും ചെലവ് പത്രികയുമായി വ്യത്യാസപ്പെട്ടിരിയ്ക്കുന്നു.

മേൽ അപാകതകൾക്ക് വിധേയമായാണ് ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം (അനുബന്ധം 2) നൽകിയിരിക്കുന്നത്.

1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുന:സംഘടിപ്പിക്കുകയും 28.01.2021 ൽ ആസൂത്രണ സമിതി യോഗം ചേരുകയും തുടർന്ന് വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പ്രോജക്ടുകൾ പദ്ധതി ആസൂത്രണ ഗ്രാമസഭ (29.01.21-04.02.21)/ഊരുകൂട്ട യോഗങ്ങളിൽ (10/02/2021) അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 12.02.2021 -ൽ നടന്ന വികസന സെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു.

വാർഷിക പദ്ധതിയ്ക്ക് 24.03.2022 ലെ ഉത്തരവ് നം. 81898/21/DPC/DPO/KTM പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 70275870/- രൂപയും ആകെ ചെലവ് 50337186/- രൂപയുമാണ്.

ചെലവ് 71.62 %. ആകെ 156 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്. ഇതിൽ 129 എണ്ണം തൻവർഷം നടപ്പാക്കി. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥർ	അംഗീകാരം ലഭിച്ചവ	നടപ്പിലാക്കിയവ	അടങ്കൽ	ചെലവ്	ചെലവ് ശതമാനം
കൃഷി ഓഫീസർ	7	7	1037397	1036420	99.91
വെറ്ററിനറി സർജൻ	7	6	3451540	2157490	62.51
മെഡിക്കൽ ഓഫീസർ, പി.എച്ച്.സി./സി.എച്ച്.സി	5	5	1955000	1411174	72.18
മെഡിക്കൽ ഓഫീസർ, ആയുർവ്വേദം	1	1	300000	300000	100
മെഡിക്കൽ ഓഫീസർ, ഹോമിയോ	1	1	200000	200000	100
വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	25	24	23418068	13652464	58.3
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	8	6	3778700	2983759	78.96
സെക്രട്ടറി	38	34	14898457	12857241	86.3
ഹെഡ്മാസ്റ്റർ , ഗവ . യു പി . സ്കൂൾ	2	2	505500	505400	99.98
അസിസ്റ്റന്റ് എഞ്ചിനീയർ	64	51	19145000	13792039	72.04
ഡയറി ഫാം ഇൻസ്ട്രക്ടർ	1	1	675000	673274	99.74
അസിസ്റ്റന്റ് സെക്രട്ടറി	8	8	911208	767925	84.28
ആകെ	**167**	**146**	70275870	50337186	71.63

കൃഷി ഓഫീസർ, , മെഡിക്കൽ ഓഫീസർ, ആയുർവ്വേദം, മെഡിക്കൽ ഓഫീസർ, ഹോമിയോ, ഹെഡ്മാസ്റ്റർ, ഗവ . യു പി . സ്കൂൾ, ഡയറി ഫാം ഇൻസ്ട്രക്ടർ, അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവർ മികച്ച രീതിയിൽ പദ്ധതി നിർവ്വഹണം നടത്തി. അസിസ്റ്റന്റ് എഞ്ചിനീയർ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മെഡിക്കൽ ഓഫീസർ - പി.എച്ച്.സി./ സി.എച്ച്.സി എന്നിവരുടെ ചെലവ് ശതമാനം കുറഞ്ഞത് ആകെ പദ്ധതിച്ചെലവ് കുറയുവാൻ കാരണമായി .

1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2021-22 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലെയും തൊഴിലാളികളെയും ഉൾപ്പടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2021-22 വർഷത്തെ ലേബർ ബജറ്റ് പ്രകാരം ആകെ 137 പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതികാനുമതി ലഭിച്ച (സ്പിൽ ഓവർ ഉൾപ്പെടെ) 306 പദ്ധതികളിൽ 580 എണ്ണം പൂർത്തീകരിച്ചു. 2021-22 വർഷം 13 ഗ്രാമസഭകൾ കൂടുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം 51881 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 914 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തോടുകളുടെ പുനരുദ്ധാരണം, മഴക്കുഴി, കല്ലു കയ്യാല നിർമ്മാണം, മണ്ണ് ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയാണ് തൻവർഷം നടപ്പാക്കിയ പ്രധാന പ്രവൃത്തികൾ. 2021-22 വർഷത്തെ വരവുചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	1345	768131	769476	764250	5226
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	24498123	24498123	24498123	0
ആകെ	1345	25266284	25267599	25262373	5226

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	25920	8
കർഷകതൊഴിലാളി പെൻഷൻ	2098400	139

വിധവാപെൻഷൻ	7787900	554
വാർദ്ധക്യകാലപെൻഷൻ	19750900	1480
വികലാംഗപെൻഷൻ	2550200	172
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ	786000	53
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	60000	2

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.01.2023, 3.15 PM ന് അക്കൗണ്ടിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 14,893/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്ക്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
28-9-2020മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്. രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ് .

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. വസ്തുനികുതി, വാടക എന്നീ ഇനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം.

ഓഡിറ്റ്	അവസാനം ഓഡിറ്റ്	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി

	നടത്തിയ തീയതി		
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	01/2018	2012-13 മുതൽ 2016-17 വരെ	LB(HQ)4/18A/2753/345, തീ 01.03.2018
പെർഫോർമൻസ് ഓഡിറ്റ്	04/2022	21-22	ലഭ്യമായില്ല

1-11 വാടക-വാർഷിക വർദ്ധനവ് വരുത്തിയില്ല, എഗ്രിമെന്റ് വെച്ചില്ല

പഞ്ചായത്തിന്റെതായി വാടകയ്ക്ക് നൽകിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള കടമുറികളിൽ നിന്നും വാർഷികമായി ഈടാക്കേണ്ട 5% വർദ്ധനവ് വരുത്തിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാടക കെട്ടിട നം., വാടകയ്ക്കെടുത്ത വ്യക്തി	2020-21 ലെ വാടക	5% വർദ്ധനവോടെ ഈടാക്കേണ്ടിരുന്ന തുക	2021-22 ൽ ഈടാക്കിയ വാടക
1	7/51, കെആർ സാബു,	1394	1464	1390
2	പൈക ഷോപ്പിംഗ് കോംപ്ലക്സ് ഒന്നാം നിലയിലെ കെട്ടിടം, കെ.സി.ചാക്കോ	1506	1581	1506

വാർഷിക വാടക വർദ്ധനവ് വരുത്താത്തതിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/23.01.2023) മറുപടി ലഭ്യമായില്ല. വാർഷികമായി വരുത്തേണ്ട വാടക വർദ്ധനവ് വരുത്തി തുക അടവാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. 7/63 എന്ന മുറി വാടകയ്ക്കെടുത്ത വ്യക്തിയായ ജോജോ എബ്രഹാം 2021 സെപ്റ്റംബറിൽ മുറിയൊഴിവായതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ മുറി പുനർലേലം നടത്തിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗങ്ങളിലൊന്നായ വാടക വരവ് പൂർണ്ണമായി ലഭ്യമാക്കുന്നതിന് എല്ലാ മുറികളും യഥാസമയം വാടകയ്ക്ക് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

3. മുറികൾ വാടകയ്ക്കെടുത്ത താഴെ കൊടുത്തിട്ടുള്ള വ്യക്തികൾ പഞ്ചായത്തുമായി വാടക ഉടമ്പടി പുതുക്കിയിട്ടില്ലെന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വാടക കെട്ടിട നം., വാടകയ്ക്കെടുത്ത വ്യക്തി	പ്രതിമാസ വാടക
1	7/64, ജോ ജോസ്	1269
2	7/60, തോമസ് മാത്യു	1186

നിയമാനുസൃത വാടക കരാർ പുതുക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/23.01.2023) മറുപടി ലഭ്യമാക്കിയില്ല. എല്ലാ വർഷവും വാടക കരാർ കൃത്യമായി പുതുക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-12 ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, അർദ്ധവാർഷിക വരുമാനപത്രിക എന്നിവ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അർദ്ധവാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

സ്ഥാപനം	ജീവനക്കാരന്റെ പേര്	അർദ്ധവാർഷിക വരുമാനം	ഈടാക്കേണ്ട തൊഴിൽ നികുതി	ഈടാക്കിയ നികുതി	കുറവ്
കുടുംബാരോഗ്യകേന്ദ്രം, മീനച്ചിൽ	റാണി എം.എൻ. (പി.റ്റി.എസ്.)	87460	750	600 (1-അർദ്ധവർഷം)	150
പുതിയിടം ഹോസ്പിറ്റൽ,	സിന്ധു ഉദയകുമാർ	61000	600	450 (2 അർദ്ധവർഷവും)	300

ഐ.സി.എൽ.ഫിനാൻസ് കോർപ്പറേഷൻ, പൈക	ജിബിൻ ജെയിംസ്, അസി.ബ്രാഞ്ച് മാനേജർ	72000	600	450 (അർദ്ധവർഷം-1)	150
ഗവ.ഹോമിയോ ആശുപത്രി, മീനച്ചിൽ	സന്തോഷ് വി.എൻ., പി.റ്റി.എസ്.	76580	750	600 (അർദ്ധവർഷം-II)	150

ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.9/23.01.2023 ന് മറുപടി ലഭ്യമാക്കിയില്ല. തൊഴിൽ നികുതിയിൽ കുറവ് വന്നിട്ടുള്ള തുക ജീവനക്കാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതും രേഖകൾ സഹിതം മറുപടി നൽകേണ്ടതുമാണ് .

1-13 ഇ ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിന് ലഭ്യമായില്ല

2021-22 വർഷം നടത്തിയ ഇ-ടെണ്ടറുകളുടെ ടെണ്ടർ ഫീസ് ഇനത്തിലുള്ള തുകയായ 3160/-രൂപ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിന് നാളിതുവരെ തിരികെ ലഭ്യമായിട്ടില്ല. ടെണ്ടർ ഫീസിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭ്യമാകുവാനുള്ള മേൽ തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയറുടെ 17.08.2017ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനും മറ്റുമായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമൊരു അക്കൗണ്ട് ഗ്രാമ പഞ്ചായത്തിൽ ആരംഭിച്ചിരുന്നില്ല. പ്രസ്തുത അക്കൗണ്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതായി അസിസ്റ്റന്റ് എഞ്ചിനീയർ എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിട്ടുണ്ട്. നിലവിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിലുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേക്കാണ് (സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ - പാലാ ബ്രാഞ്ച്-അക്കൗണ്ട് നമ്പർ- 67338839536) ജില്ലാ പഞ്ചായത്തിൽ നിന്നും ഇ ടെൻഡർ ഫീസ് ഇനത്തിലുള്ള തുക അനുവദിച്ചുനല്കിയിരുന്നത്. പ്രസ്തുത അക്കൗണ്ടിൽ നിലവിൽ 35864.84/- രൂപ ബാലൻസായി അവശേഷിക്കുന്നുണ്ട്. മുൻ വർഷങ്ങളിലെ ഇ-ടെൻഡർ ഫീസ് ഇനത്തിൽ ലഭിച്ച ടി തുക ഗ്രാമ പഞ്ചായത്തിന് കൈമാറി നൽകേണ്ടതാണ്.

1-14 ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ- സ്കൂൾ ആരംഭിച്ചിട്ടില്ല- മറ്റ് അപാകതകൾ

പ്രോജക്ട് നം.	233/22
ചെലവ്	4150000
ഫണ്ടിനം	ധനകാര്യ കമ്മീഷൻ ഗ്രാന്റ്-600000 തനത് ഫണ്ട്-25000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 525000 ജില്ലാ പഞ്ചായത്ത് വിഹിതം -3000000
ബിൽ നം.	600000-294/19.03.22 25000-300/21.03.22 525000-301/22.03.22 3000000-302/22.03.22
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മീനച്ചിൽ ഗ്രാമപഞ്ചായത്ത് 9-ാം വാർഡിൽ ബഡ്സ് സ്കൂൾ സ്ഥാപിക്കുന്നതിന് പൂവരണി വില്ലേജിൽ സർവ്വേ നം.246/8-1 ൽ ശ്രീ.ഷിബു കെ.കുമാർ, കാരമുള്ളിൽ എന്ന വ്യക്തിയുടെ 4 ആർ 17 ച.മീറ്റർ സ്ഥലവും അതിലുൾപ്പെട്ട കെട്ടിടവുമാണ് തീറ് വിലയ്ക്ക് മേൽ പ്രോജക്ട് പ്രകാരം വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് ഫയൽ പരിശോധിച്ചതിലും 23.01.2023 ൽ സ്ഥലപരിശോധന നടത്തിയതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ ചട്ടം 5(1)സി പ്രകാരം ആർജ്ജിക്കാൻ ഉദ്ദേശിക്കുന്ന വസ്തുവിന് നൽകുന്ന വില ബന്ധപ്പെട്ട തഹസീൽദാർ/ജില്ലാ കളക്ടർ രേഖാ മൂലം നിശ്ചയിക്കുന്ന വിലയിൽ ഉറപ്പു വരുത്തേണ്ടതാണെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ പൂവരണി വില്ലേജ് ഓഫീസറാണ് പ്രസ്തുത സ്ഥലത്തിന്റെ വില നിശ്ചയിച്ച് നൽകിയിട്ടുള്ളത്.
2. ബഡ്സ് സ്ക്കൂളിനായി വാങ്ങിയ കെട്ടിടത്തിൽ നാളിതുവരെ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സ്ഥല പരിശോധനയിൽ 2 നിലകളുള്ള പ്രസ്തുത കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 138-ാം നമ്പർ അങ്കണവാടി പ്രവർത്തിക്കുന്നതായി കണ്ടു. കൂടാതെ മുകളിലത്തെ നിലയിലെ തറയിൽ പതിച്ചിട്ടുള്ള ടൈലുകൾ തറയിൽ നിന്നും വിട്ട് പൊങ്ങിയ നിലയിലും കാണപ്പെട്ടു.
3. കെട്ടിടത്തിന്റെ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി, ഫിറ്റ്നസ് എന്നിവ സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ ഭൗതിക പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ഫയലിൽ ലഭ്യമാക്കിയില്ല.
4. ബഡ്സ് സ്ക്കൂൾ കെട്ടിടം വാങ്ങുന്ന പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് രൂപീകരിച്ച സബ് കമ്മിറ്റി റിപ്പോർട്ട് 09.03.2022 ലെ കമ്മിറ്റിയിലെ 2/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതായി കാണുന്നു. എന്നാൽ പ്രസ്തുത സബ് കമ്മിറ്റി റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
5. ബഡ്സ് സ്ക്കൂൾ തുടങ്ങുന്നതിന് ഏതെങ്കിലും വിധത്തിലുള്ള സാദ്ധ്യതാ പഠനം നടത്തിയിട്ടുള്ളതായി കാണുന്നില്ല.
6. ബഡ്സ് സ്കൂളിന് അനുയോജ്യമായ സ്ഥലം വാങ്ങുന്നതിന് സ്ഥലം ഉടമകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകിയിട്ടില്ല.
7. ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ വാലുവേഷൻ (രജിസ്ട്രേർഡ് എഞ്ചിനീയർ) 3501000 /- രൂപയും , LSGD അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ വാലുവേഷൻ 5744986 /- രൂപയുമാണ്. ടി വസ്തുവിന്റെ മുന്നാധാരങ്ങളിലെ കെട്ടിടത്തിന്റെ വാലുവേഷൻ (ഫോം -1 ബി) പ്രകാരം 1050000 /- രൂപയാണ്. 01 / 2021 ൽ നടത്തിയ തീറാധാരത്തിലും ടി വിലയാണ് കാണിച്ചിട്ടുള്ളത്. എന്നാൽ 03/2022 ൽ നടത്തിയ തീറാധാരത്തിൽ കെട്ടിടത്തിന്റെ വില 3501000/- രൂപയാണ് ടി വ്യത്യാസത്തിന്റെ കാരണം, കെട്ടിടത്തിന്റെ വാലുവേഷൻ സംബന്ധിച്ച അപാകതകൾ എന്നിവ വിശദീകരിക്കപ്പെട്ടിട്ടില്ല.

മേൽ അപാകതൾക്ക് വിശദീകരണം നൽകുവാനും അധിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/24.01.23) മറുപടി ലഭ്യമാക്കിയില്ല. ബഡ്സ് സ്ക്കൂൾ തുടങ്ങുവാനായി വാങ്ങിയ കെട്ടിടം പ്രസ്തുത ഉദ്ദേശത്തിനായി ഉപയോഗിക്കാതെ അങ്കണവാടി പ്രവർത്തിപ്പിക്കുന്നതിനായി വിട്ട് നൽകിയ നടപടി ഉചിതമല്ല. സ്ക്കൂൾ പ്രവർത്തനം ആരംഭിക്കാത്തതിനാലും മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാത്തതിനാലും 4150000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബഡ്സ് സ്ക്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്. മേൽ വിഷയത്തിലേക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

<u>1-15 എസ്.എസ്.എ.വിഹിതം--വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല</u>

പ്രോജക്ട്	നം22/22, .എസ്.എസ്.എ.വിഹിതം നൽകൽ
നിർവഹണോദ്യോഗസ്ഥ	ഹെഡ്മിസ്ട്രസ്, ഗവ.യു.പി.സ്കൂൾ, പൂവരണി
ചെലവ്	2,00,000/-
ഫണ്ടിനം	വികസനഫണ്ട്, പൊതുവിഭാഗം
ബിൽ നം., തീയതി	2/22, തീയതി 7.12.2021

മേൽ പ്രോജക്ട് പ്രകാരം എസ്.എസ്.എ, കോട്ടയം ജില്ലാ പ്രോജക്ട് ഓഫീസർക്ക് 2,00,000/- രൂപ 2 ഗഡുക്കളായി നൽകിയിട്ടുണ്ട്. ബിൽ നം.1/08.07.2021 പ്രകാരം നൽകിയ 100000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിരുന്നു. 07.12.2021 ൽ നൽകിയ 1,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.11/23.01.2023 ന് ലഭ്യമാക്കിയ മറുപടിയിൽ എസ് എസ് എയുടെ ക്ലോസ് ചെയ്ത അക്കൗണ്ടിലേയ്ക്കാണ് തുക നൽകിയതെന്ന് അറിയിച്ചു. പ്രവർത്തനക്ഷമമായ അക്കൌണ്ടിലേയ്ക്ക് തുക നൽകി, പ്രോജക്ട് പൂർത്തീകരിച്ചതു സംബന്ധിച്ച് വിനിയോഗ സാക്ഷ്യപത്രം സഹിതം മറുപടി നൽകേണ്ടതാണ്.
വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ 1,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-16 ഡിപിസി സെക്രട്ടറിയേറ്റ് നിർമ്മാണത്തിന് തുക വകയിരുത്തൽ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം.	17/22, ഡിപിസി സെക്രട്ടറിയേറ്റ് നിർമ്മാണം- തുക വകയിരുത്തൽ
ചെലവ്	200000
ബിൽ നം.	100000 -11/21-22/08.07.21 100000- 15/21-22/06.08.21
ഫണ്ടിനം	വികസന ഫണ്ട് (ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

മേൽ പ്രോജക്ടിനായി 200000/- രൂപ മേൽ ബില്ലുകൾ പ്രകാരം ജില്ലാ ആസൂത്രണ സമിതിയ്ക്ക് നൽകിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയിയ്ക്ക് (നം.03/20.01.23) സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ, മേൽ പ്രോജക്ടിനായുള്ള 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-17 നിക്ഷേപ പ്രവൃത്തികൾ- വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി താഴെ ചേർക്കും പ്രകാരം തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ മേൽ തുകകളുടെ വിനിയോഗ വിവരങ്ങൾ ലഭ്യമായിച്ചില്ല.

പ്രോജക്ട് നമ്പർ,പേര്	ചെലവ് തുക	ബിൽ / ചെക്ക് നമ്പർ	ഫണ്ടിനം
185/22, എം.സി.എഫ് കുഴൽ കിണർ നിർമ്മാണം	300000	46/21-22/18.02.21	ധനകാര്യകമ്മീഷൻ ഗ്രാന്റ്
186/22,വിളക്കുമാടം കുഴൽ കിണർ നിർമ്മാണം	1000000	45/21-22/18.02.22	ധനകാര്യകമ്മീഷൻ ഗ്രാന്റ്
220/22, പൈക കുടിവെള്ള പദ്ധതി കിണർ നിർമ്മാണം	601420	278/17.03.22	ധനകാര്യകമ്മീഷൻ ഗ്രാന്റ്
ആകെ	1901420		

മേൽ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.02/20.01.23) ടി പ്രോജക്ടുകൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ വിവരങ്ങൾ ലഭ്യമാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത സാഹചര്യത്തിൽ, മേൽ പ്രോജക്ടുകൾക്കായുള്ള 1901420/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-18 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ വിവരങ്ങൾ പൂർണ്ണമായും ലഭ്യമാക്കിയില്ല

പ്രോജക്ട് നം.,പേര്	79/22, വനിതകളുടെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
ചെലവ്	312500
ബിൽ നം.	06/21-22/24.12.21

ഫണ്ടിനം	വികസന ഫണ്ട് (ജനറൽ)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ

മേൽ പദ്ധതിക്കായി 50 ഗുണഭോക്താക്കളുടെ വിഹിതമായി 312500/- രൂപ അസി ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, കോട്ടയം -ന്റെ പേർക്ക് കൈമാറി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/20.01.23) 159424/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 153076/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം കൂടി ലഭ്യമാക്കേണ്ടതാണ്. അതുവരെ 153076/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല

പി എച്ച് സി മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി തൻ വർഷം മരുന്ന് വാങ്ങലിനായി 2 പ്രോജക്ടുകൾ ചുവടെ ചേർക്കും പ്രകാരം നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്ട് നം.,പേര്	189/22, ജീവൻ രക്ഷാ മരുന്ന് ലഭ്യമാക്കൽ	43/22, മീനച്ചിൽ പി.എച്ച്.സിയിലേക്ക് മരുന്ന് ലഭ്യമാക്കൽ
ചെലവ്	286174	250000
ബിൽ നം.	28/21-22/30.03.22	99530-04/21-22/09.08.21 150470-24/21-22/25.03.22
തുക നൽകിയ സ്ഥാപനം	മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ	99530-സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോർ പാല 150470-മെഡിക്കൽ സർവ്വീസ് കോപ്പറേഷൻ
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)	സംരക്ഷണ ഗ്രാന്റ് (റോഡിതരം)

മേൽ പ്രോജക്ടുകൾ പ്രകാരമുള്ള 536174 (286174+250000) രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.04/20.03.22) പ്രോജക്ട് നം.189/22 പ്രകാരമുള്ള 264766/- രൂപയുടേയും പ്രോജക്ട് നം.43/22 പ്രകാരമുള്ള 157996/- രൂപയുടേയും മരുന്നുകൾ ലഭ്യമായതിന്റ വിശദാംശങ്ങൾ ഹാജരാക്കിയിട്ടുണ്ട്. ബാക്കി ലഭ്യമാകുവാനുള്ള മരുന്നുകളുടെ വിലയായ 113412 (21408 +92004) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

1-20 കൃഷി ഭവൻ - ആയുർവേദ ഡിസ്പെൻസറി കെട്ടിടം വൈദ്യുതീകരണം -കരാറുകാരന് അധിക തുക നൽകി

പ്രോജക്ട് നം.	05/22
ചെലവ്	148513
ബിൽ നം.	73/2021-22/30.03.22
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

കൃഷി ഭവൻ ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിലെ നിലവിലുള്ള വയറിംഗിൽ തകരാറുള്ളതിനാൽ വയറിംഗ് പുനക്രമീകരിക്കുന്നതിനായി ആവിഷ്ക്കരിച്ച മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവ് മൂലും കരാറുകാരന് അധികതുക നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചപ്പോൾ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയത് (14.12% ബിലോ എസ്റ്റിമേറ്റ് റേറ്റ്) ശ്രീ.കുര്യാക്കോസ് ദാസ്, കുണ്ടകശ്ശേരിൽ എന്ന കരാറുകാരനാണ്. പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയപ്പോൾ ആകെ വേലമൂല്യത്തിൽ നിന്നും ടെൻഡർ ബിലോ കുറവ് ചെയ്യാതെ ബിൽ തയ്യാറാക്കി (എം.ബുക്ക് പേജ് നം.14, തീയതി 24.03.22) ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പിൻവലിക്കാവുന്ന തുക

എംബുക്ക് പ്രകാരം ആകെ വേലമൂല്യം	128013
Deduct 14.12% Tender Below (-)	18075
ആകെ വേലമൂല്യം (ടെൻഡർബിലോ കുറവ് ചെയ്ത്)	109938
GST	13192
എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്	3298
ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്	1099
ആകെ അനുവദിക്കാവുന്നത്	127527

എംബുക്ക് പ്രകാരം അനുവദിച്ച തുക

എംബുക്ക് പ്രകാരം ആകെ വേലമൂല്യം	128013
Add 12% GST	15361
എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്	3855
ചെക്ക് മെഷർ ചെയ്തതിന് അനുവദിച്ച തുക	1284
ആകെ അനുവദിച്ചത്	148513

അധികം അനുവദിച്ചത് = (148513-127527) = 20986/-

ഇപ്രകാരം ആകെ 20986/- രൂപ (284068 – 245252) അധികം അനുവദിച്ചതായി കാണുന്നു. ഇപ്രകാരം അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/20.01.23) മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയവർക്ക് സംഭവിച്ച പിഴവ് മൂലമാണ് അധിക തുക നൽകേണ്ടിവന്നിട്ടുള്ളതെന്നും കരാറുകാരന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നകതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് നൽകിയത്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർ ചെയ്യൽ എന്നീ ഇനങ്ങളിൽ അധികം നൽകിയ 20986/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-21 പാറപ്പള്ളി കുടിവെള്ള പദ്ധതി -പൂർത്തിയാക്കിയില്ല

പാറപ്പള്ളി കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികൾ എന്ന പദ്ധതിയിലുൾപ്പെടുത്തി കുഴൽ കിണർ നിർമ്മാണം, മോട്ടോർ സ്ഥാപിക്കൽ, ടാങ്ക് സ്ഥാപിക്കൽ, പൈപ്പ് സ്ഥാപിക്കൽ എന്നിവ ചെയ്ത് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുന്നതിനായി ഭൂജല വകുപ്പിൽ 190/22 നമ്പർ പ്രോജക്ട് പ്രകാരം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 400000 (ബിൽ നം.47/21-22/18.02.22) രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റിൽ നിന്നും തൻ വർഷം നിക്ഷേപിച്ചിരുന്നു. ഭൂജല വകുപ്പ് ജില്ലാ ഓഫീസർ കോട്ടയത്തിന്റെ 19.08.2022 ലെ ജി.ഡബ്ല്യൂ.കെ/1185/2021 നമ്പർ കത്ത് പ്രകാരം കുഴൽ കിണർ നിർമ്മാണത്തിനായി 62931 രൂപ ചെലവായിട്ടുണ്ടെന്നും പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക 600000 രൂപയാണെന്നും മിച്ചമുള്ള 337069 രൂപ കിഴിച്ച് ഇനി 262931 രൂപ കൂടി ആവശ്യമുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 23.01.2023 ൽ പരിശോധന നടത്തിയതിൽ സ്ഥലത്ത് കുഴൽ കിണർ നിർമ്മാണം മാത്രമാണ് നടന്നിട്ടുള്ളതെന്ന് കണ്ടു. ഭൂജല വകുപ്പിന് ആവശ്യപ്പെട്ട ബാക്കി തുക നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും കുടിവെള്ള പദ്ധതി പൂർത്തീകരണത്തിന് സ്വീകരിച്ച് തുടർ നടപടികളുടെ വിവരങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13/23.01.23) മറുപടി ലഭ്യമാക്കിയില്ല. 400000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അനുബന്ധ പ്രവൃത്തികൾ പൂർത്തിയാക്കി കുടിവെള്ള പദ്ധതി പ്രവർത്തന ക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-22 പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത പ്രവൃത്തി - തരം തിരിച്ച പ്ലാസ്റ്റിക്കിന്റെ വില ലഭ്യമാകുന്നില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
പ്രോജെക്റ്റ് നമ്പർ / പേര്	SO 214 /22, മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ - തുക നൽകൽ

ചെലവഴിച്ച തുക , ഫണ്ടിനം	Rs. 60000/- , Own Fund
ബിൽ / ചെക്ക് നം ./ തീയതി	1.Rs.42400/- 12364/14.02.2022 2.Rs.17600/- 3066036/07.03.2022

ടി പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ എം സി എഫിൽ സൂക്ഷിച്ചിട്ടുള്ള തരം തിരിച്ചതും, അല്ലാത്തതുമായ (ലെഗസി വേസ്റ്റ്) പ്ലാസ്റ്റിക് മാലിന്യങ്ങൾ നീക്കം ചെയ്ത ഇനത്തിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മൈത്രി സെൽഫ് ഹെൽപ്പ് ഗ്രൂപ്പ്, തൊടാനാൽ എന്ന സ്ഥാപനത്തിന് 60000 /- രൂപ നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതി പ്രകാരമല്ലാതെ 16160 /- രൂപ യും (ചെക്ക് നമ്പർ 20408/ 07.03.2022) ഈ ഇനത്തിൽ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എം സി എഫ് -ന്റെ പ്രവർത്തനം പരിശോധിക്കുന്നതിനായി 23.01.2023 ൽ എം.സി.എഫി-ൽ സ്ഥല പരിശോധന നടത്തിയിരുന്നു. പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പ്ലാസ്റ്റിക് മാലിന്യങ്ങളുടെ തൂക്കം വേയ് ബ്രിഡ്ജ്-ൽ പരിശോധിക്കുന്നത് പഞ്ചായത്തിൽ നിന്നും നിയോഗിക്കുന്ന ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിലല്ല എന്ന് കാണുന്നു. സ്ഥാപനം ഹാജരാക്കുന്ന രേഖകളുടെ അടിസ്ഥാനനത്തിൽ മാത്രമാണ് തുക അനുവദിക്കുന്നത്.
2. എം.സി.എഫിൽ നിന്നും നീക്കം ചെയ്ത പ്ലാസ്റ്റിക് വേസ്റ്റ് തരം തിരിച്ചതാണോ അല്ലാത്തവയാണോ എന്ന് സ്ഥാപനം ലഭ്യമാക്കുന്ന ബില്ലിൽ/ അപേക്ഷയിൽ വ്യക്തമാക്കിയിട്ടില്ല.
3. കരാർ പ്രകാരം തരം തിരിച്ച മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ക്ളീൻ കേരള കമ്പനി നൽകുന്ന നിരക്കിൽ ഗ്രാമ പഞ്ചായത്തിന് വില നൽകേണ്ടതാണ്. കൂടാതെ എം.സി.എഫിൽ ബെയ്‌ലിങ് മെഷീൻ പ്രവർത്തിപ്പിക്കുന്നുണ്ടെങ്കിലും ബെയിൽ ചെയ്ത പ്ലാസ്റ്റിക് നീക്കം ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ തരം തിരിച്ച മാലിന്യങ്ങൾ വാങ്ങിയ ഇനത്തിൽ സ്ഥാപനം തൻ വർഷം ഗ്രാമപഞ്ചായത്തിന് തുക നൽകിയിട്ടില്ല.
4. സ്ഥല പരിശോധനയിൽ എം സി എഫിൽ നിലവിൽ മാലിന്യങ്ങൾ നിറഞ്ഞു കിടക്കുന്ന അവസ്ഥയാണുള്ളത്. കെട്ടിടം മുഴുവൻ പ്ലാസ്റ്റിക് മാലിന്യങ്ങൾ നിറഞ്ഞതിനാൽ ബെയ്‌ലിങ് മെഷീൻ പ്രവർത്തിപ്പിക്കുവാൻ സാധിക്കുന്നില്ല.

ഈ വിഷയം സംബന്ധിച്ച് മറുപടി ലഭ്യമാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.14/24.01.23) നൽകിയിരുന്നു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് എക്സിറ്റ് മീറ്റിങ്ങിൽ അറിയിച്ചിട്ടുണ്ട്.

തരം തിരിച്ചതും, അല്ലാത്തതുമായ (ലെഗസി വേസ്റ്റ്) പ്ലാസ്റ്റിക് മാലിന്യങ്ങൾ സ്ഥാപനത്തിന് നൽകുമ്പോഴും ആയത് വെയ്ബ്രിഡ്ജിൽ തൂക്കം എടുക്കുന്ന സമയത്തും ഗ്രാമപഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും, കെട്ടിക്കിടക്കുന്ന പ്ലാസ്റ്റിക് തരാം തിരിച്ച് നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടാത്ത സ്ഥാപനത്തിൽ നിർമ്മാണ പ്രവൃത്തി നടത്തിയത് സംബന്ധിച്ച്

നിർവ്വഹണ ഉദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
പ്രോജെക്റ്റ് നമ്പർ / പേര്	SO 157 /22, ശുചിത്വ സമുച്ചയം , കെ റ്റി ജെ എം സ്കൂൾ
ചെലവഴിച്ച തുക , ഫണ്ടിനം	Rs. 258860/- , കേന്ദ്രാവിഷ്കൃത ഫണ്ട് (ശുചിത്വ മിഷൻ വിഹിതം)
ബിൽ / ചെക്ക് നം ./ തീയതി	20460/30.03.2022

പദ്ധതി പ്രകാരം എയ്ഡഡ് സ്കൂൾ ആയ ഇടമറ്റം കെ.ടി.ജെ.എം ഹൈസ്കൂൾ ഗ്രൗണ്ടിൽ ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ മിഷൻ വിഹിതം ചെലവഴിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിച്ചു നൽകിയിട്ടുണ്ട് .

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 166- പട്ടിക 3-C-X പ്രകാരം ലോവർ പ്രൈമറി, പ്രീ പ്രൈമറി എന്നീ സ്കൂളുകളുടെ ചുമതല മാത്രമാണ് ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത് . ടി നിയമം സെക്ഷൻ 175- പട്ടിക 5 -A-IX പ്രകാരം ഹൈസ്കൂളുകളിൽ ഇപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കേണ്ടത് ജില്ലാ പഞ്ചായത്താണ്. എന്നാൽ മേൽ പദ്ധതി പ്രകാരം എയ്ഡഡ് സ്കൂൾ ആയ കെ ടി ജെ എം ഹൈസ്കൂളിന് ഗ്രാമപഞ്ചായത്തിന്റെ ശുചിത്വ മിഷൻ വിഹിതം ചെലവഴിച്ച് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽ പെടാത്ത ഈ

പ്രവൃത്തി നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/24.01.23) നൽകിയിരുന്നു. എക്സിറ്റ് മീറ്റിങ്ങിൽ ശുചിത്വ മിഷന്റെ മാർഗ്ഗരേഖ പ്രകാരമാണ് ഹൈ സ്കൂളുകളിലും ടി പ്രവൃത്തി നടപ്പാക്കിയതെന്നും, ബന്ധപ്പെട്ട ഉത്തരവ് ഹാജരാക്കുന്നതാണെന്നും അസിസ്റ്റന്റ് എൻജിനീയർ മറുപടി നൽകി. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതും, ഇപ്രകാരമുള്ള പ്രവൃത്തികൾ നടപ്പാക്കുമ്പോൾ ബന്ധപ്പെട്ട നിയമത്തിലെ വ്യവസ്ഥകൾ പാലിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 കൃഷി ഭവൻ - ആയുർവേദ ഡിസ്പെൻസറി കെട്ടിടം വൈദ്യുതീകരണം -കരാറുകാരന് അധിക തുക നൽകി

പ്രോജക്ട് നം.	05/22
ചെലവ്	148513
ബിൽ നം.	73/2021-22/30.03.22
ഫണ്ടിനം	സംരക്ഷണ ഗ്രാന്റ് (റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി

കൃഷി ഭവൻ ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിലെ നിലവിലുള്ള വയറിംഗിൽ തകരാറുള്ളതിനാൽ വയറിംഗ് പുനക്രമീകരിക്കുന്നതിനായി ആവി,ഷ്ക്കരിച്ച മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയപ്പോൾ സംഭവിച്ച പിഴവ് മൂലും കരാറുകാരന് അധികതുക നൽകിയിട്ടുള്ളതായി കാണുന്നു. പ്രസ്തുത പ്രോജക്ടിനായി ടെൻഡർ ക്ഷണിച്ചപ്പോൾ ഏറ്റവും കുറവ് തുക രേഖപ്പെടുത്തിയത് (14.12% ബിലോ എസ്റ്റിമേറ്റ് റേറ്റ്) ശ്രീ.കുര്യാക്കോസ് ദാസ്, കുണ്ടകശ്ശേരിൽ എന്ന കരാറുകാരനാണ്. പ്രവൃത്തി പൂർത്തീകരിച്ച് ബിൽ തയ്യാറാക്കിയപ്പോൾ ആകെവേലമൂല്യത്തിൽ നിന്നും ടെൻഡർ ബിലോ കുറവ് ചെയ്യാതെ ബിൽ തയ്യാറാക്കി (എം.ബുക്ക് പേജ് നം.14, തീയതി 24.03.22) ആയതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് തുക അനുവദിച്ചതായി കാണുന്നു. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പിൻവലിക്കാവുന്ന തുക

എംബുക്ക് പ്രകാരം ആകെ വേലമൂല്യം	128013
Deduct 14.12% Tender Below (-)	18075
ആകെ വേലമൂല്യം (ടെൻഡർബിലോ കുറവ് ചെയ്ത്)	109938
GST	13192
എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്	3298
ചെക്ക് മെഷർ ചെയ്തതിന്റെ ഫീസ്	1099
ആകെ അനുവദിക്കാവുന്നത്	127527

എംബുക്ക് പ്രകാരം അനുവദിച്ച തുക

എംബുക്ക് പ്രകാരം ആകെ വേലമൂല്യം	128013
Add 12% GST	15361
എസ്റ്റിമേറ്റ് തയ്യാറാക്കിയതിന്റെ ഫീസ്	3855
ചെക്ക് മെഷർ ചെയ്തതിന് അനുവദിച്ച തുക	1284
ആകെ അനുവദിച്ചത്	148513

അധികം അനുവദിച്ചത് = (148513-127527) = 20986/-

ഇപ്രകാരം ആകെ 20986/- രൂപ (284068 – 245252) അധികം അനുവദിച്ചതായി കാണുന്നു. ഇപ്രകാരം അധികമായി തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.01/20.01.23) മേൽ പ്രവൃത്തിയുടെ ബിൽ തയ്യാറാക്കിയവർക്ക് സംഭവിച്ച പിഴവ് മൂലമാണ് അധിക തുക നൽകേണ്ടിവന്നിട്ടുള്ളതെന്നും കരാറുകാരന് അധികമായി അനുവദിച്ച തുക തിരികെ ഈടാക്കുന്നകതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരന് നൽകിയത്, എസ്റ്റിമേറ്റ് തയ്യാറാക്കൽ, ചെക്ക് മെഷർ ചെയ്യൽ എന്നീ ഇനങ്ങളിൽ അധികം നൽകിയ 20986/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പഞ്ചായത്ത് ഭരണസമിതി 30.05.2022 ലെ നം.1(1) തീരുമാന പ്രകാരം അംഗീകരിച്ച് ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് 17.01.2023-ൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2022-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിരിക്കുന്നു.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച തുകകളുടെ വിവരം

നല്കിയ സ്ഥാപനം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്	50000	മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(45/22)	50000	0
”	75000	കർഷകർക്ക് പാലിന് സബ്സിഡി (78/22)	75000	0
”	300000	ലൈഫ് ഭവനപദ്ധതി പട്ടികജാതി (101/22)	300000	0
”	525000	ബഡ് സ്കൂൾ സ്ഥാപിയ്ക്കുന്നതിന് സ്ഥലം വാങ്ങൽ (233/22)	525000	0
ആകെ	950000		950000	
ജില്ലാ പഞ്ചായത്ത്	400000	പാലിയേറ്റീവ് പരിചരണ പദ്ധതി-12 ഇന പരിപാടി (നം.28/22)	400000	0
”	500000	ലൈഫ് ഭവനപദ്ധതി-പട്ടികജാതി(101/22)	500000	0
”	3000000	ബഡ് സ്കൂൾ സ്ഥാപിയ്ക്കുന്നതിന് സ്ഥലം വാങ്ങൽ (233/22)	3000000	0
”	722000	ലൈഫ് ഭവന പദ്ധതി-100/22	722000	0
”	200000	മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും നൽകൽ(45/22)	200000	0

,,	198274	കർഷകർക്ക് പാലിന് സബ്സിഡി (78/22)	198274	
,,	325124	കിഴപറയാൻ പി.എച്ച്.സി.നവീകരണം (പ്രോ.ന.149/22)	325124	
ആകെ	5345398		5345398	

4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2021-22 വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് കെ.എസ്.ഇ.ബി.-യിലും ഭൂജല വകുപ്പിലും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സുലേഖ ചെലവ് പത്രിക പ്രകാരം മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം താഴെ ചേർക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.)	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെഎസ്ഇബി	സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ -128/22	1263691	1263691	0
	സ്ട്രീറ്റ് ലൈററ് മീറ്റർ സ്ഥാപിക്കൽ -129/22	66292	66292	0
ആകെ		1329983	1329983	
ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടെമന്റ്	MCF കുഴൽകിണർ നിർമാണം (185/22)	300000	0	300000
,,	വിളക്കുമാടം കുഴൽകിണർ നിർമാണം (186/22)	1000000	0	1000000
,,	പാറപ്പള്ളി കുടിവെള്ള പദ്ധതി കുഴൽകിണർ നിർമാണം, അനുബന്ധ പദ്ധതികൾ (190/22)	400000	0	400000
,,	പൈക കുടിവെള്ള പദ്ധതി- കുഴൽകിണർ നിർമാണം (220/22)	601420	0	601420

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	01.04.2021 ൽ തിരിച്ചടയ്ക്കാനുള്ള തുക	തൻവർഷം ലഭിച്ച ലോൺ തുക	2021-22 വർഷം തിരിച്ചടച്ച തുക	വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കി തുക
മീനച്ചിൽ ഭവന	ജി.ഒ.(എം.എസ്.) 83/2013/	2000000	ഇല്ല	520000	1480000

പദ്ധതി	എൽ.എസ്.ജി.ഡി. തീയതി-11.03.2013				
ലൈഫ് ഭവന പദ്ധതി കെ.യു.ആർ.ഡി.എഫ്.സി ലോൺ	ജി.ഒ.(എം.എസ്) 68/2018, 18.05.2018, ജി.ഒ.(എം.എസ്) 100/2018, 30.07.2018	3346066	2820000	1202668	4963398

ബാലൻസ് ഷീറ്റ് ബി.5 ഷെഡ്യൂൾ പ്രകാരം ലൈഫ് ലോൺ തിരിച്ചടവ് തുക അവശേഷിയ്ക്കുന്നത് 4174998/- രൂപയാണ്. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലമിനത്തിൽ സ്രോതസിൽ കുറച്ച തുക 7,88,400/- രൂപ കൂടി ലോൺ തിരിച്ചടവ് ഇനത്തിൽ ചേർത്തിട്ടുണ്ട്. യഥാർത്ഥത്തിൽ 31.03.2022 ൽ തിരിച്ചടയ്ക്കാൻ അവശേഷിയ്ക്കുന്ന ലോൺ തുക 4963398/- രൂപയാണ്.

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകകളൊന്നും ലഭിച്ചിട്ടില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

മീനച്ചിൽ ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2014-15	2-4	2016-17	അനുബന്ധം-3	വസ്തു നികുതി അപാകതകൾ	അക്കൌണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്
2014-15	2-5, 2-6	2016-17	അനുബന്ധം-4	തൊഴിൽ നികുതി അപാകതകൾ	”
2015-16	2-3	2016-17	അനുബന്ധം-5	തൊഴിൽ നികുതി അപാകതകൾ	”

4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകകളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ തുകകളൊന്നും ഈടാക്കിയിട്ടില്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	82295295.53
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	69760891
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവ് ഇനങ്ങളിലുള്ള നഷ്ടം	ഇല്ല
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	20986
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	7017908

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നത്	സർ ചാർ ചെയ്യാവുന്നത്	
1-20 (3-1)		20986	ശ്രീ.സുശീൽ എം സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖ.നം	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-14	4150000	ശ്രീ.സുശീൽ എം, സെക്രട്ടറി
1-15	100000	ശ്രീമതി അനുപമ ബി നായർ, ഹെഡ്മിസ്ട്രസ്, ഗവ.യു.പി സ്കൂൾ, പൂവരണി
1-16	200000	ശ്രീ.സുശീൽ എം, സെക്രട്ടറി
1-17	1901420	ശ്രീ.സുശീൽ എം, സെക്രട്ടറി
1-18	153076	ശ്രീ.സുധീർ പി എസ്, വെറ്ററിനറി സർജൻ
1-19	113412	ഡോ.നിർമ്മൽ മാത്യു ജോസ്, മെഡിക്കൽ ഓഫീസർ, പി എച്ച് സി
1-21	400000	ശ്രീ.സുശീൽ എം, സെക്രട്ടറി
ആകെ	7017908	

സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

ഡി)<u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം</u>

തുക

പേരും ഉദ്യോഗപ്പേരും	**ഇപ്പോഴത്തെ മേൽവിലാസം**	**ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും**
ശ്രീ.സുശീൽ എം, സെക്രട്ടറി	വിരമിച്ചു	മള്ളൂർ (വീട്) ഏഴാച്ചേരി പി ഒ പാലാ, കോട്ടയം

<u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്ക്
1997-98(ചെലവ്)	നം.കെ.എസ്.എ-കെ.ടി.എം.പി.7/1417/15/16.4.16	1	
1998-99(ഡി.സി.ബി)	നം.എൽ.എഫ്.കെ.പി.7/142/03/15.3.05/5.4.05	3	
1999-02 പ്ലാൻ	നം.എൽ.എഫ്.കെ.പി.7/671/03/24.11.04/8.12.04	10	
2001-02	നം.എൽ.എഫ്.കെ.പി.5/1094/07/3.7.09	1	
2002-03 ചെലവ്	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ/219(4)/ 18/06.03.18	1	
2002-03 വരവ്	നം.എൽ.എഫ്.കെ.പി.5-1095/07/15.02.08	1	
2003-04	നം.കെ.എസ്.എ.കെ.ടി.എം/പി.7/അദാ.22/1804(1)/22/20.08.22	1	

2008-09	നം.കെ.എസ്.എ.കെ.ടി.എം/ പി.7/953/22/10.08.22	3	
2009-10	നം.കെ.എസ്.എ- കെ.ടി.എം.പി.7/285/16/10.5.16		
2010-11, 2011-12	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ.22/1247/22/12.8.22	1	
2012-13	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ.22/1335/22/12.8.22	6	
2013-14, 2014-15	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ.22/1336/22/12.8.22	8	
2015-16	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ.22/1804(3)/22/12.8.22	7	
2016-17	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ.22/1804(5)/22/20.08.22	4	
2017-18	നം.കെ.എസ്.എ.കെ.ടി.എം/പി.7/ അദാ.22/1804(4)/22/20.08.22	10	
2018-19	നം.കെ.എസ്.എ.കെ.ടി.എം/ പി.7/1140/22/11.8.22	5	
2019-20	നം.കെ.എസ്.എ.കെ.ടി.എം/ പി.7/507/21/9.6.22	17	

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല ഓഡിറ്റ് കാര്യാലയം, കോട്ടയം

<u>അനുബന്ധം-1</u>

<u>ഓഡിറ്റ് സാക്ഷ്യപത്രം</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

<u>അനുബന്ധം-2</u>
<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

കോട്ടയം ജില്ലയിലെ മീനച്ചിൽ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്